# സ്വർഗം ഉറപ്പാക്കുന്ന നാലു സൽകർമ്മങ്ങൾ

കബീർ എം. പറളി

സ്വർഗത്തിലേക്കെത്താനുള്ള വഴികളോരോന്നും നബി(സ്വ) സന്ദർഭോചിതം സ്വഹാബത്തിനെ പഠിപ്പിച്ചിട്ടുണ്ട്. സ്രഷ്ടാവിനോടും സൃഷ്ടികളോടും നിർവഹിക്കാനായി ഇസ്‌ലാം പഠിപ്പിച്ച ബാധ്യതകൾ നേരാംവണ്ണം പ്രവർത്തിക്കുന്ന വിശ്വാസികൾക്ക് സ്വർഗ്ഗപ്രാപ്തിക്കർഹതയുണ്ടെന്ന് വിശദീകരിക്കുന്ന ഹദീസുകൾ നിരവധിയാണ്. അല്ലാഹുവിനെയും പരലോകത്തേയും പ്രതീക്ഷിക്കുന്ന, പടച്ചവനെ ധാരാളമായി സ്മരിക്കുന്ന വിശ്വാസികൾ പ്രവാചകാധ്യാപനങ്ങളിൽ നിന്ന് മാതൃകയുൾക്കൊള്ളുകയും, അവിടുന്ന് പരിശീലിപ്പിച്ച ചെറുതും വലുതുമായ സദ്കർമ്മങ്ങളനുഷ്ഠിക്കാൻ തയ്യാറാവുകയും ചെയ്യും.

മദീനാ പള്ളിയിൽ മിക്ക നമസ്കാരങ്ങൾക്കു ശേഷവും പ്രവാചക തിരുമേനി(സ്വ) സ്വഹാബത്തിന് അറിവു പകർന്നു നൽകിയിരുന്നു. നിത്യജീവിതത്തിലനുഷ്ഠിക്കേണ്ട എമ്പാടും കാര്യങ്ങൾ പ്രവാചകനിൽ നിന്നു പഠിച്ചെടുക്കുന്ന സ്വഹാബികൾ, അക്കാര്യങ്ങൾ സൂക്ഷ്മതയോടെ പാലിക്കാൻ ശ്രദ്ധകാണിച്ചിരുന്നു. സദ്കർമ്മങ്ങളനുഷ്ഠിക്കാൻ കൈവരുന്ന ഒരു സന്ദർഭത്തേയും മാറ്റിവെക്കുന്ന രീതിയായിരുന്നില്ല അവരുടേത്.

സ്വഹാബികളുടെ നേർക്ക് തിരിഞ്ഞിരുന്നു കൊണ്ട് നബി(സ്വ) ചിലകാര്യങ്ങൾ അവരോട് ചോദിച്ചറിയുന്ന ഒരു ഹദീസ് കാണുക:

അബൂ ഹുറയ്റ(റ) നിവേദനം. നബി(സ്വ) ചോദിച്ചു: നിങ്ങളിലാരാണ് ഇന്ന് നോമ്പുകാരനായി പ്രഭാതത്തിലെഴുന്നേറ്റവൻ? അബൂബക്കർ(റ) പറഞ്ഞു: ഞാൻ. നബി(സ്വ) ചോദിച്ചു: നിങ്ങളിലാരാണ് ഇന്ന് ഒരു ജനാസയെ അനുഗമിച്ചവൻ? അബൂബക്കർ(റ) പറഞ്ഞു: ഞാൻ. നബി(സ്വ) ചോദിച്ചു: നിങ്ങളിലാരാണ് ഇന്ന് ഒരു അഗതിക്ക് ഭക്ഷണം നൽകിയവൻ? അബൂബക്കർ(റ) പറഞ്ഞു: ഞാൻ. നബി(സ്വ) ചോദിച്ചു: നിങ്ങളിലാരാണ് ഇന്ന് ഒരു രോഗിയെ സന്ദർശിച്ചവൻ? അബൂബക്കർ(റ) പറഞ്ഞു: ഞാൻ. അപ്പോൾ നബി(സ്വ) പറഞ്ഞു: ഈ കാര്യങ്ങൾ ഏതൊരാളിൽ സമ്മേളിക്കുന്നുവൊ, അവൻ സ്വർഗത്തിൽ പ്രവേശിക്കാതിരിക്കില്ല. (മുസ്‌ലിം)

അല്ലാഹുവിന്റെ പ്രീതിയുദ്ദേശിച്ചും സ്വർഗം മുന്നിൽ കണ്ടും സദ്കർമ്മങ്ങൾ ചെയ്യാനുള്ള സ്വഹാബത്തിന്റെ ശുഷ്കാന്തിയാണ് അബൂബക്കർ(റ)ന്റെ പ്രതികരണത്തിൽ നിന്നും നാം മനസ്സിലാക്കുന്നത്. നോമ്പനുഷ്ഠിക്കുന്നതിന്നും, ജനാസയെ അനുഗമിക്കുന്നതിന്നും, അഗതികൾക്ക് ഭക്ഷണം നൽകുന്നതിന്നും, രോഗിയെ സന്ദർശിക്കുന്നതിന്നും പുണ്യമുണ്ടെന്ന പാഠം അക്ഷരാർഥത്തിൽ പാലിക്കുകയായിരുന്നു അവർ.

മുകളിൽ വായിച്ച പ്രവാചകമൊഴിയിൽ വിശ്വാസികളിലുണ്ടാകേണ്ട നാലു ഗുണങ്ങളെപ്പറ്റിയാണ് പ്രസ്താവിച്ചിട്ടുള്ളത്. പ്രസ്തുത നാലു ഗുണങ്ങളെപ്പറ്റിയും അവക്ക് ലഭിക്കുന്ന പ്രതിഫലത്തെപ്പറ്റിയും നബി(സ്വ) മറ്റു പല സന്ദർഭങ്ങളിലായി വിശദീകരിച്ചതായി കാണാം. ഒരു ദിവസത്തിൽ ഈ നാലു ചെയ്തികളും നമ്മുടെ ജീവിതത്തിലുണ്ടാകുന്നുവെങ്കിൽ സ്വർഗം ഉറപ്പാണെന്ന പ്രവാചക വചനം, അവയെക്കുറിച്ച് കൂടുതൽ പഠിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നുണ്ട്.

**ഒന്ന്: വ്രതാനുഷ്ഠാനം**

ഇസ്‌ലാമിന്റെ അടിസ്ഥാന കർമ്മങ്ങളിലൊന്നാണ് നോമ്പ്. വിശിഷ്ഠമായ ഒരു ആരാധനയാണത്. പടച്ചവന്റെ സാമീപ്യവും അവനിൽ നിന്നുള്ള പാപമോചനവും ആത്മാർഥമായ നോമ്പ് ലഭ്യമാക്കുമെന്നതിൽ സംശയമില്ല. ഒരു ഹദീസ് വായിക്കുക:

ഹുദൈഫ(റ) നിവേദനം: ഒരാളുടെ കുടുംബത്തിലും, സമ്പത്തിലും, അയൽവാസിയിലും ഉണ്ടാകുന്ന പരീക്ഷണങ്ങളെ നമസ്കാരവും, നോമ്പും, ദാനധർമ്മവും നീക്കിക്കളയുന്നതാണ്. (ബുഖാരി, മുസ്‌ലിം)

മറ്റൊരു ഹദീസ് കാണുക:

അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: നോമ്പ് ഒരു പരിചയാണ്. (ബുഖാരി. മുസ്‌ലിം)

അതെ, ദുനിയാവിൽ, മ്ലേച്ഛവൃത്തികളിൽ നിന്നും പരലോകത്ത് നരകാഗ്നിയിൽ നിന്നും സംരക്ഷണം നൽകുന്ന സുശക്തമായ പരിച തന്നെയാണ് നോമ്പ്.

വ്രതം പടച്ചവന്ന് ഏറെ ഇഷ്ടമുള്ള ആരാധനയാണ്. നോമ്പ് എനിക്കുവേണ്ടിയുള്ളതാണ് എന്ന് അല്ലാഹു പ്രത്യേകം എടുത്തു പറഞ്ഞ ഹദീസിൽ നിന്ന് അക്കാര്യം നമുക്ക് ബോധ്യപ്പെടും. ആ ഹദീസ് കാണുക:

അബൂ ഹുറയ്റ(റ) നിവേദനം. ഞാൻ റസൂൽ(സ്വ) പറയുന്നതായി കേട്ടു: അല്ലാഹു പറഞ്ഞിരി

ക്കുന്നു: ആദം സന്തതികളുടെ മുഴുവൻ പ്രവർത്തനങ്ങളും അവർക്കുള്ളതാണ്, നോമ്പൊഴികെ. അത് എനിക്കുള്ളതാണ്, ഞാനാണ് അതിന് പ്രതിഫലം നൽകുന്നത്. (ബുഖാരി, മുസ്‌ലിം)

വ്രതസംബന്ധമായി പ്രവാചകനരുളിയ മറ്റൊരു ഹദീസ് അബൂ സഈദിൽ ഖുദ്‌രിയ്യി(റ) നിവേദനം ചെയ്തിട്ടുണ്ട്.

റസൂൽ(സ്വ) പറയുന്നതായി ഞാൻ കേട്ടു: അല്ലാഹുവിന്റെ മാർഗത്തിൽ ഒരു ദിവസം ആരാണൊ നോമ്പനുഷ്ഠിക്കുന്നത് അവന്റെ മുഖത്തെ അല്ലാഹു നരകത്തിൽ നിന്നും എഴുപതു മൈൽ ദൂരം അകലെയാക്കുന്നതാണ്. (ബുഖാരി, മുസ്‌ലിം)

**രണ്ട്: ജനാസയിൽ പങ്കെടുക്കുക.**

മുസ്‌ലിം സഹോദരങ്ങളിൽ നിന്നാരെങ്കിലും മരണപ്പെട്ടാൽ മയ്യിത്തിനെ സന്ദർശിക്കുന്നതും, മയ്യിത്തു സംസ്കരണ കാര്യങ്ങളിൽ പങ്കെടുക്കുന്നതും ബാധ്യതയും പുണ്യവുമായി നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്. ഒരു ഹദീസ് കാണുക:

അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളിയായി ഞാൻ കേട്ടു. ഒരു മുസ്ലിമിന്ന് മറ്റൊരു മുസ്‌ലിമിനോടുള്ള അവകാശം അഞ്ചാണ്. സലാം മടക്കൽ, രോഗിയെ സന്ദർശിക്കൽ, മയ്യിത്തിനെ പിൻതുടരൽ, ക്ഷണം സ്വീകരിക്കൽ, തുമ്മിയവന് വേണ്ടി പ്രാർത്ഥിക്കൽ. (ബുഖാരി)

വിശ്വാസികളുടെ പ്രാഥമിക ധർമ്മങ്ങളെ വിശദീകരിക്കുന്ന പ്രസ്താവനയാണ് നാം മുകളിൽ വായിച്ചത്. എന്നാൽ, മരണവീട്ടിൽചെന്ന് മയ്യിത്തിനെ സന്ദർശിച്ചു പോരുക എന്നതിലുപരി, സംസ്കാരച്ചടങ്ങിൽ ആദ്യന്തം പങ്കെടുക്കുന്നതിനാണ് കൂടുതൽ പ്രതിഫ ലമുള്ളത്.

അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: വല്ലവനും ഒരു മയ്യിത്തിന് നമസ്കരിക്കുന്നത് വരെ ഹാജരായാൽ അവന് ഒരു ഖീറാത്തു പ്രതിഫലമുണ്ട്. എന്നാൽ വല്ലവനും അതിനെ ഖബറടക്കം ചെയ്യുന്നതു വരെ ഹാജരായാൽ അവന് രണ്ട് ഖീറാത്ത് പ്രതിഫലമുണ്ട്. എന്താണ് ഖീറാത്തു എന്ന് ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: വലിയ രണ്ട് പർവ്വതം പോലെ. (ബുഖാരി)

മറ്റൊരു ഹദീസിലുള്ളത് ശ്രദ്ധിക്കുക:

ബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: വല്ലവനും ഒരു മയ്യിത്തിന് നമസ്കരിക്കുകയും അതിനെ അനുഗമിക്കാതിരിക്കുകയും ചെയ്താൽ അവന്ന് ഒരു ഖീറാത്തു പ്രതിഫലമുണ്ട്. എന്നാൽ വല്ലവനും (നമസ്കരിക്കുന്നത് കൂടാതെ) അതിനെ അനുഗമിക്കുകകൂടി ചെയ്താൽ അവന്ന് രണ്ട് ഖീറാത്തു പ്രതിഫലമുണ്ട്. എന്താണ് ഖീറാത്ത് എന്ന് ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: ചുരുങ്ങിയത് അവ ഉഹദ് മലക്ക് തുല്യമാണ്. (മുസ്‌ലിം)

**മൂന്ന്: അഗതികൾക്ക് ഭക്ഷണം നൽകുക**

കാരുണ്യം, ദയ, സഹാനുഭൂതി തുടങ്ങിയ സൽഗുണങ്ങൾ മനുഷ്യരിലുണ്ടാക്കുന്ന മതമാണ് വിശുദ്ധ ഇസ്‌ലാം. പാവപ്പെട്ടവരേയും അഗതികളേയും പരിഗണിക്കാനും, ആവശ്യക്കാരുടെ പ്രശ്നങ്ങളറിഞ്ഞ് പരിഹരിക്കാനും ഇസ്‌ലാം കൂടുതൽ പ്രോത്സാഹനം നൽകുന്നുണ്ട്. അന്ത്യ നാളിലെ ഭീതിജനകമായ ചുറ്റുപാടിൽ നിന്ന് സുരക്ഷ നൽകാനും, കത്തിയാളുന്ന നരകാഗ്നിയിൽ നിന്ന് മോചനം ലഭിക്കുവാനും അത്തരം സംഗതികൾ സഹായകമാണെന്ന് അല്ലഹുവും റസൂലും നമ്മെ പഠിപ്പിക്കുന്നുണ്ട്. അഗതികൾക്കും, അനാഥകൾക്കും മറ്റും ഭക്ഷണം നൽകുന്നതിന്റെ പ്രാധാന്യത്തെ താഴെ വരുന്ന ഖുർആനിക സൂക്തങ്ങൾ വിശദമാക്കുന്നുണ്ട്.

‘‘എന്നിട്ട് ആ മലമ്പാതയിൽ അവൻ തള്ളിക്കടന്നില്ല. ആ മലമ്പാത എന്താണെന്ന് നിനക്കറി യാമോ? ഒരു അടിമയെ മോചിപ്പിക്കുക. അല്ലെങ്കിൽ പട്ടിണിയുള്ള നാളിൽ ഭക്ഷണം കൊടുക്കുക. കുടുംബബന്ധമുള്ള അനാഥയ്ക്ക്, അല്ലെങ്കിൽ കടുത്ത ദാരിദ്ര്യമുള്ള സാധുവിന്.’’ (ബലദ്: 11-16)

നരകാഗ്നിയിൽ പ്രവേശിപ്പിക്കപ്പെട്ട ചിലരോട്, നിങ്ങൾക്ക് ഈ ദുർഗതി വരാനുള്ള കാരണ മെന്തായിരുന്നു എന്ന് ചോദിച്ചാൽ അവർ നൽകുന്ന ഉത്തരം നോക്കുക:

‘‘ഞങ്ങൾ അഗതിക്ക് ആഹാരം നൽകുമായിരുന്നില്ല.’’ (മുദ്ദസ്സിർ: 44)

നരകാഗ്നിയിലകപ്പെട്ട ചിലരെപ്പറ്റിയുള്ള അല്ലാഹുവിന്റെ പ്രസ്താവന ഇങ്ങനെ വായിക്കാം:

‘‘സാധുവിന് ഭക്ഷണം കൊടുക്കുവാൻ അവൻ പ്രോത്സാഹിപ്പിച്ചിരുന്നുമില്ല.’’ (ഹാഖ; 34)

പാവപ്പെട്ടവർക്ക് ഭക്ഷണവിഭവങ്ങൾ നൽകുന്നതിന്റെയും, അതിന്ന് വേണ്ടി പ്രോത്സാഹനം നൽകേണ്ടതിന്റേയും ആവശ്യകത ബോധ്യപ്പെടുത്തുന്ന ആയത്തുകളാണ് മുകളിൽ നാം വായിച്ചത്. അഗതികളെ പരിഗണിക്കുന്നവർക്കുള്ള പ്രതിഫലത്തെ സംബന്ധിച്ച് നബി(സ്വ) ഏറെപ്പറഞ്ഞിട്ടുണ്ട്.

അബൂ മാലിക് അൽ അശ്അരി(റ) നിവേദനം. നബി(സ്വ) പറഞ്ഞു: ''ഉള്ളിൽ നിന്ന് പുറത്തേക്കും പുറത്തു നിന്നും ഉള്ളിലേക്കും നോക്കിക്കാണാൻ കഴിയും വിധം സുതാര്യമായ ചില മുറികൾ സ്വർഗത്തിലുണ്ട്. ഭക്ഷണം നൽകിയ, സലാം വ്യാപകമാക്കിയ, ജനങ്ങൾ നിദ്രയിലായിരിക്കെ രാത്രി നമസ്കാരം നിർവഹിച്ചആളുകൾക്കു വേണ്ടിയാണ് അല്ലാഹു അവയെ സജ്ജീകരിച്ചിരിക്കുന്നത്.'' (ഇബ്നു ഹിബ്ബാൻ, അഹ്മദ്, അൽബാനി(റ) സ്വഹീ ഹുൽ ജാമിഇൽ 2122-ാം നമ്പറായി ഹസനെന്ന് അഭിപ്രായപ്പെട്ടത്.)

ഇതേ താത്പര്യമറിയിക്കുന്ന മറ്റൊരു ഹദീസ് വായിക്കുക:

അബൂഹുറയ്റ(റ) നിവേദനം. നബി(സ്വ) അരുളി: വിധവയുടേയും അഗതികളുടേയും ക്ഷേമത്തി നുവേണ്ടി അധ്വാനിക്കുന്നവൻ അല്ലാഹുവിന്റെ മാർഗത്തിൽ ധർമ്മസമരം നടത്തുന്ന യോദ്ധാവിനെ പ്പോലെയാണ്. (ബുഖാരി, മുസ്ലിം)

ആവശ്യക്കാരെ പരിഗണിക്കാനും പാവപ്പെട്ടവരെ ഊട്ടാനും ഉടുപ്പിക്കാനും കഴിയുന്നത്ര ശ്രമിക്കു മെങ്കിൽ പ്രസ്തുത കർമ്മങ്ങൾ മുഴുവനും നമ്മിൽ നിന്നുണ്ടായ സ്വദഖകളായി അല്ലാഹു രേഖപ്പെടു ത്തുന്നതാണ്. അടുത്ത കുടുംബാംഗങ്ങളിൽപെട്ടവർക്കാണ് നാം സ്വദഖ ചെയ്യുന്നത് എങ്കിൽ ആ ദാനത്തെ രണ്ട് സൽകർമ്മങ്ങളായിട്ടാണ് പടച്ചവന് പരിഗണിക്കുക.

സൽമാൻ ഇബ്നു ആമിർ(റ) നിവേദനം. അല്ലാഹുവിന്റെ ദൂതൻ അരുളിയിരിക്കുന്നു: ഒരു അഗതിക്കു നൽക്കുന്ന സ്വദഖക്ക് ഒരു ദാനത്തിന്റെ പ്രതിഫലമാണ്. എന്നാൽ കുടുംബ ബന്ധമുള്ള ഒരുത്തന്നു നൽകുന്ന സ്വദഖക്ക് രണ്ട് ദാനത്തിന്റെ പ്രതിഫലമാണ്; സ്വദഖ യുടെ പ്രതിഫലവും കുടുംബബന്ധം ചേർത്തതിന്റെ പ്രതിഫലവും. (തിർമിദി, ഇബ്നു ഹിബ്ബാൻ, അഹ്മദ്, അൽബാനി സ്വഹീഹെന്ന് പ്രസ്താവിച്ചത്)

**നാല്: രോഗിയെ സന്ദർശിക്കുക**

ഒരു മുസ്ലിമിന് മറ്റൊരു മുസ്ലിമിനോടുള്ള ബാധ്യതകളിൽ ഒന്നായി പ്രവാചക തിരുമേനി(സ്വ) പഠിപ്പിച്ചു തന്ന കാര്യമാണ് രോഗിയെ സന്ദർശിക്കൽ. അബൂ ഹുറയ്റ(റ) നിവേദനം ചെയ്ത, ഇമാം ബുഖാരി(റ)യും മുസ്ലിമും(റ) തങ്ങളുടെ സ്വഹീഹുകളിൽ രേഖപ്പെടുത്തിയ പ്രസ്തുത ഹദീസ് നാം മുകളിൽ വായിക്കുകയുണ്ടായി. രോഗീസന്ദർശന ത്തിന്റെ ഗുണവശത്തെ വിശദമാക്കുന്ന തിരുമൊഴികൾ കാണുക:

സൗബാൻ(റ)ൽ നിന്ന് നിവേദനം: നബി(സ) അരുൾ ചെയ്തു. നിശ്ചയം, ഒരു മുസ്ലിം സഹോദരനെ സന്ദർശിച്ചാൽ താൻ തിരിച്ചുവരുന്നവരെ സ്വർഗ്ഗത്തിന്റെ ഖുർഫത്തിലാണവൻ നിലകൊള്ളുന്നത്. ചോദിക്കപ്പെട്ടു. പ്രവാചകരെ! ഖുർഫത്തുൽ ജന്ന എന്നാൽ എന്താണ്? അവിടുന്ന് മറുപടി പറഞ്ഞു. അത് അതിൽ നിന്നും പറിച്ചെടുക്കപ്പെട്ട പഴവർഗ്ഗങ്ങളാണ്. (മുസ്ലിം)

ഒരാൾ തന്റെ മുസ്ലിം സഹോദരനെ സന്ദർശിക്കാൻ ചെന്നാൽ, അവന്റെ അരികിൽ നിന്ന് തിരിച്ചുവരുവോളം എഴുപതിനായിരം മലക്കുകൾ അവന്നു വേണ്ടി പ്രാർഥിക്കുന്നതാണ്.

അലി(റ)വിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. പ്രഭാതത്തിൽ മുസ്ലിമിനെ സന്ദർശിച്ചാൽ വൈകുന്നേരം വരെ എഴുപതിനായിരം മലക്കുകൾ അവനുവേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കും. ഇനി വൈകീട്ടാണ് അവൻ സന്ദർശിച്ചതെങ്കിലോ, നേരം പുലരുന്നതുവരെ എഴുപതിനായിരം മലക്കുകൾ അവനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കും. തന്നിമിത്തം ഫലസമൃദ്ധ മായ സ്വർഗ്ഗം അവനു ലഭിക്കും. (തിർമിദി)

അബൂഹുറയ്റ(റ) നിവേദനം. അല്ലാഹുവിന്റെ ദൂതനരുളി: ''ഖിയാമത്തുനാളിൽ അല്ലാഹു ചോദിക്കും, മനുഷ്യാ, എനിക്ക് രോഗം ബാധിച്ചപ്പോൾ നീയെന്നെ സന്ദർശിച്ചില്ലല്ലൊ? അപ്പോൾ അയാൾ പറയും, രക്ഷിതാവേ, ഞാനെങ്ങനെ നിന്നെ സന്ദർശിക്കും? നീ ലോക രക്ഷിതാവല്ലയോ! അപ്പോൾ അല്ലാഹു പറയും: എന്റെ ഇന്നയൊരു ദാസൻ രോഗബാധിത നായി കിടന്ന വിവരം നിനക്കറിയാമായിരുന്നല്ലൊ പക്ഷെ, നീയവനെ സന്ദർശിച്ചില്ല. അവനെ നീ സന്ദർശിച്ചിരുന്നു വെങ്കിൽ അവന്റെ അരികിൽ എന്നെ നിനക്ക് കാണാമായിരുന്നു.'' (മുസ്ലിം)

രോഗിയെ കാണാനെത്തുന്നവർ ചില മര്യാദകൾ പാലിക്കുന്നത് നല്ലതാണ്. അനുയോജ്യമായ സന്ദർശന സമയം തെരഞ്ഞെടുക്കുക, രോഗിയോട് തന്റെ അസുഖത്തിൽ ക്ഷമിക്കാൻ ഉപദേ ശിക്കുക, മാരക രോഗം കൊണ്ട് ബുദ്ധിമുട്ടുന്നവനാണെങ്കിൽ പോലും അവന്ന് പ്രത്യാശ നൽകുക, അവന്റെ രോഗശമനത്തിനു വേണ്ടി പ്രാർഥിക്കുക തുടങ്ങിയവയാണ് അവ.

ആയിശ(റ) പറയുന്നു: നബി(സ) ഒരു രോഗിയെ സന്ദർശിച്ചു അല്ലെങ്കിൽ അവിടുത്തെ അടുക്കൽ ഒരു രോഗിയെ കൊണ്ട് വരപ്പെട്ടു. എങ്കിൽ ഇപ്രകാരം അവന്ന് വേണ്ടി പ്രാർത്ഥിക്കും. ''മനുഷ്യരുടെ നാഥാ! ഈ അവശതയെ ദൂരീകരിക്കുകയും ഇദ്ദേഹത്തിന്റെ രോഗം സുഖപ്പെടുത്തുകയും ചെയ്യണമേ. യഥാർത്ഥത്തിൽ രോഗശമനം നൽകുന്നവൻ നീയാണ്. നിന്റെ ശമനം ഒരു രോഗത്തെയും സുഖപ്പെടുത്താതെ ഉപേക്ഷിക്കുകയില്ല.'' (ബുഖാരി)

ഒരു സത്യവിശ്വാസിയിൽ സമ്മേളിക്കേണ്ട നാലു ഗുണങ്ങളാണ് മുകളിൽ വിശദീകരിക്കപ്പെട്ടത്. പ്രവാചകാധ്യാപനങ്ങളെ ജീവിതത്തിലുൾക്കൊള്ളാൻ പ്രാധാന്യപൂർവം കണക്കി ലെടുക്കുന്ന നമ്മൾ പ്രസ്തുത നാലു ഗുണങ്ങളേയും പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ ശ്രദ്ധിക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ മാർഗത്തിലുള്ള ഒരു നോമ്പ്, ഒരു അഗതിക്ക് ഭക്ഷണം നൽകൽ, ഒരു ജനാസയെ അനുഗമിക്കൽ, ഒരു രോഗിയെ സന്ദർശിക്കൽ എന്നിവ സ്വർഗപ്രവേശനമാണ് നമുക്ക് സാധിത മാക്കുന്നത്. അല്ലാഹു നമുക്ക് നൽകുന്ന അനുഗ്രഹ ങ്ങളുടെ അവസരങ്ങളാണ് ഈ കർമ്മ ങ്ങളൊക്കെ. ഇവയിൽ ഒന്നുപോലും അസാധ്യമാ യിട്ടുള്ളതല്ല. ആത്മാർഥമായ താത്പര്യവും ശ്രമവും പ്രാർഥനയുമുണ്ടെങ്കിൽ തീർച്ചയായും ഈ സൽപ്രവൃത്തികളിലേർപ്പെടാൻ നമുക്കാവു ന്നതാണ്. പടച്ചതമ്പുരാൻ നന്മകളിലേക്കുള്ള മാർഗ്ഗങ്ങൾ നമുക്കു മുന്നിൽ പ്രയാസരഹിതമാക്കിത്ത രുന്നതുമാണ്. ആകയാൽ അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നൽകാൻ നാം മുന്നോട്ടു വരിക.

‘‘നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും, ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠപാലിക്കുന്നവർക്കു വേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്.’’ (ആലു ഇംറാൻ: 133)